# അശമന്നൂർ ഗ്രാമപഞ്ചായത്ത്

# ബജറ്റ്

# 2026–2027

# അശമന്നൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി 2025-30



**സലിം എൻ. എം**
പ്രസിഡന്റ്



**ബിന്ദു നാരായണൻ**
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



**നിഷി ജബ്ബാർ**
വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ



**സനോഷ് സി മത്തായി**
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ



**ബിന്ദു ബെസ്സി**
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ



**തങ്കപ്പൻ എം. എ**
വാർഡ് 1 മെമ്പർ



**ഹരികൃഷ്ണൻ രവീന്ദ്രൻ**
വാർഡ് 2 മെമ്പർ



**എൽദോ വർഗ്ഗീസ്**
വാർഡ് 4 മെമ്പർ



**പ്രഭ കെ. എൻ**
വാർഡ് 5 മെമ്പർ



**ജെസ്ന അഷ്റഫ്**
വാർഡ് 7 മെമ്പർ



**അജീന നിസ്സാർ**
വാർഡ് 10 മെമ്പർ



**അനിത ജയൻ**
വാർഡ് 11 മെമ്പർ



**അമ്പിളി രാജൻ**
വാർഡ് 13 മെമ്പർ



**അർച്ചന സഹദേവൻ**
വാർഡ് 14 മെമ്പർ



**ജോഷി പോൾ**
വാർഡ് 15 മെമ്പർ

| | |
|---|---|
| ലോകസഭാ പ്രതിനിധി | : ശ്രീ. ബെന്നി ബഹനാൻ |
| നിയമസഭാ പ്രതിനിധി | : അഡ്വ. എൽദോസ് P കുന്നപ്പിള്ളിൽ |

## ജില്ലാപഞ്ചായത്ത് ഡിവിഷനും പ്രതിനിധികളും

| | |
|---|---|
| പുല്ലുവഴി | : ശ്രീ.മുബാസ് എം എച്ച് |

## ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകളും പ്രതിനിധികളും

| | |
|---|---|
| മേതല | : ശ്രീമതി പ്രീത സുകു |
| അശമന്നൂർ | : ശ്രീ.കെ പി വർഗീസ് |



# ആമുഖം

പ്രിയമുള്ളവരെ,

അശമന്നൂർ ഗ്രാമപഞ്ചായത്തിൽ 2026 ൽ അധികാരം ഏറ്റെടുത്ത ഭരണ സമിതിയുടെ ഒന്നാമത്തെ ബഡ്ജറ്റ് അവതരണമാണ് ഇന്ന് നടക്കുന്നത്. കേരള പഞ്ചായത്ത് രാജ് -വകുപ്പ്-214, 71-ാം ചട്ട പ്രകാരം ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഷിക ബഡ്ജറ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്വം നിറവേറ്റണ്ടതായുണ്ട്. ആയത് മാർച്ച് മാസത്തിലാണ് ബഡ്ജറ്റ് അവതരണം നടപടിക്രമ പ്രകാരം നടപ്പിൽ വരുത്തേണ്ടത്. എന്നാൽ ഇപ്പോഴത്തെ സവിശേഷ സാഹചര്യം (നിയമസഭ ഇലക്ഷൻ നോട്ടിഫിക്കേഷൻ) നിലനില്ക്കുന്നതിനാൽ ഇപ്പോൾ അടിയന്തിരമായി അവതരിപ്പിക്കുകയാണ്.

നമ്മുടെ നാടിൻറെ ഫലപ്രദമായ വികസന സ്വപ്നങ്ങൾക്ക് മുൻതൂക്കം നൽകുന്ന കാഴ്ചപ്പാടുകളോടെയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നത്. മുൻവർഷങ്ങളിലെ അനുഭവങ്ങളിൽ നിന്നും കൂടുതൽ ഉൾക്കാഴ്ച നേടിക്കൊണ്ടും യഥാർത്ഥ ബോധത്തോടെയുള്ള വിശകലനങ്ങൾ നടത്തി കൊണ്ടുമാണ് ഈ വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

നികുതി, നികുതിയേതര വരുമാനങ്ങളിൽ കാര്യമായ വർദ്ധനവ് ഇല്ലാത്തതിനാൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ മാത്രമാണ് പ്രധാന ധന സ്രോതസ്സ്. നികുതി, നികുതിയേതര വരുമാനങ്ങൾ അതാത് വർഷം പൂർണ്ണമായും പി രിച്ചെടുക്കുന്നതിനും കുടിശിക തുക കുറച്ച് കൊണ്ട് വരുന്നതിനും പഞ്ചായത്തിലെ ജീവനക്കാരും ജനപ്രതിനിധികളും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നുണ്ട് എന്നത് വളരെ ആഹ്ലാദകരമാണ്.

ഗ്രാമപഞ്ചായത്തിൻറെ വാർഷിക പദ്ധതി നടത്തിപ്പ് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. തനത് വരുമാനം കുറവായതിനാൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുന്ന തുക 100 ശതമാനം ചെലവഴിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്.

**ബജറ്റ് പ്രസംഗം**

ഉല്പാദന മേഖലയിൽ കൃഷിക്കും, മൃഗസംരക്ഷണത്തിനും പാലുല്പാദനത്തിനും ഒരു പോലെ പ്രാധാന്യം നൽകുമ്പോൾ കാർഷികാടിത്തറയുള്ള നമ്മുടെ നാടിനെ വീണ്ടെടുക്കുന്നതിനുള്ള മുന്നൊരുക്കമാണ് നടത്തുന്നത് എന്ന് കാണാൻ സാധിക്കും.

സേവന മേഖലയിൽ എല്ലാ വിഭാഗത്തിനും പരിഗണന നൽകുന്നതിനോടൊപ്പം, ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും, വയോജന ക്ഷേമപരിപാടികളും, ആശ്രയ അഗതി പുനരധിവാസ പദ്ധതികളും അദി ദാരിദ്ര്യം തുടച്ച നീക്കുന്നത് തുടങ്ങിയ പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നു.

പശ്ചാത്തല മേഖലയിൽ ഗ്രാമസഭാ നിർദ്ദേശങ്ങൾക്ക് വിധേയമായി വികസന സെമിനാറിലും തുടർന്ന് ഭരണസമിതി യോഗത്തിലും എടുത്ത തീരുമാനങ്ങൾക്ക് അനുസരിച്ച് എല്ലാ പ്രദേശത്തെയും പരിഗണിച്ചുകൊണ്ടുള്ള നയസമീപനം സ്വീകരിച്ചിരിക്കുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്. സാമൂഹ്യനീതിയും തുല്യനീതിയും സംബന്ധിച്ച ചർച്ചകൾ ഉയർന്നു വരികയാണല്ലോ. സാമൂഹ്യ നീതിയുടെ പരിപാലനം അടിസ്ഥാനമാക്കിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ മേഖലകളേയും പരമാവധി തൃപ്തിപ്പെടുത്താവുന്ന നിലയിൽ ബജററ് തയ്യാറാക്കണമെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാരിൻറെ വിവിധ മിഷനുകളുടെ ഭാഗമായി പഞ്ചായത്തിൻറെ പദ്ധതി പ്രവർത്തനങ്ങൾക്ക് വിഭവ സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടു തന്നെ നിലവിലുള്ള വിഭവ സ്രോതസ്സിൻറെ പരിമിതിയിൽ നിന്നു കൊണ്ടുള്ള വികസന ചട്ടക്കൂട് തയ്യാറാക്കുക മാത്രമേ സാധിക്കുകയുള്ളൂ. അനിവാര്യമായ മേഖലകൾക്ക് വകസനത്തിൻറെ തണലേകുക എന്നതാണ് പൊതുവായ കാഴ്ച്ചപ്പാട്.

ഭവനരഹിതർക്ക് സഹായമെത്തിക്കുക എന്നതാണ് പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന്. ലൈഫ് ഭവന പദ്ധതിയിൽ നിലവിൽ വീടില്ലാത്തവരായി ആകെ 187 ഉം സ്ഥല മില്ലാത്തവരായി 83 ഉം ഗുണഭോക്താക്കളുണ്ട്. ഇതിനു പുറമേ ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് പുറത്തുള്ള നിരവധി പേർ ഉണ്ടെന്നത് വാസ്തവമാണ്. പഞ്ചായത്തിൻറെ വിഭവശേഷി പ്രയോജനപ്പെടുത്തി ലിസ്റ്റിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് സഹായമെത്തിക്കുന്നതിനുള്ള ദൗത്യമാണ് നമ്മൾ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. അതോടൊപ്പം വായ്പാ തുകയും, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള വിഭവവും നമ്മൾ പ്രയോജനപ്പെടുത്തുകയാണ്. സന്നദ്ധ സംഘാടന സംവിധാനത്തിലൂടെയും മറ്റുമാർഗ്ഗങ്ങൾ ഉപയോഗിച്ചും മുഴുവൻ ഭൂരഹിത

ഭവനരഹിതരെയും പരിഗണിക്കേണ്ടത് അത്യാവശ്യമാണ്. സ്വയം സംഭരണ സംരക്ഷണ പ്രവർത്തനങ്ങളിലും, പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിലും, വിദ്യാഭ്യാസ പ്രവർത്തികളിലും ഗ്രാമപഞ്ചായത്ത് അതീവ പരിഗണന നൽകുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

വിപുലമായ ചുമതലകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166-ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ 27 അനിവാര്യ ചുമതലകളും പൊതു ചുമതലകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇതിന് പുറമെ മറ്റു നിരവധി ചുമതലകളും പഞ്ചായത്തുകളെ ഏൽപ്പിക്കുന്നുണ്ട്. പലപ്പോഴും ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ മാനുഷിക വിഭവശേഷി സർക്കാർ അനുവദിച്ചു തന്നിട്ടില്ല എന്ന വെല്ലുവിളി നാം നേരിടാറുണ്ട്. ഈ വിഷയത്തിൽ ഒറ്റക്കെട്ടായ പ്രവർത്തനവും അത്യധ്വാനവും വെല്ലുവിളികളെ അവസരോചിതമായി മറികടക്കുന്നതിനുള്ള ഉപാധിയാക്കി നമ്മൾ മാറ്റിയിട്ടുണ്ട്. നടപ്പു വർഷം മികവുറ്റ പദ്ധതികളാണ് നമ്മൾ രൂപപ്പെടുത്തിയിട്ടുള്ളത്. വികസന ഫണ്ടുകളുടെ ഗഡു വിഹിതം സർക്കാരിൽ നിന്ന് സമയ ബന്ധിതമായി ലഭിക്കുന്നില്ലെങ്കിലും ലഭ്യമായത് ചിലവ് ശതമാനത്തിൽ നാം ദ്രുതഗതിയിൽ സഞ്ചരിക്കേണ്ടതുണ്ട്. ഗുണനിലവാരത്തോടെയുള്ള പദ്ധതി നിർവ്വഹണം എന്നതാണ് നമ്മുടെ പഞ്ചായത്തിൻറെ നയം എന്ന വിവരം നിങ്ങളെ അറിയിക്കുകയാണ്.

**ലക്ഷ്യങ്ങൾ**

ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പുറമെ ചില പ്രവർത്തനാങ്ങൾ കൂടി ഈ ബജറ്റിൻറെ ഭാഗമായി മുന്നോട്ട് വെയ്ക്കുന്നുണ്ട്. പങ്കാളിത്ത വികസന കാഴിചപ്പാട് നമ്മൾ മുന്നോട്ട് വെയ്ക്കുന്നുവെങ്കിലും പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭകളുടെ ഇടപെടൽ കുറഞ്ഞു വരുന്നുണ്ട് എന്നത് വാസ്തവമാണ്. പദ്ധതികളുടെ ഓരോ ഘട്ടത്തിലും ഗ്രാമസഭ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ശ്രമം നമ്മൾ നടത്തേണ്ടതുണ്ട്. അതിന് മോണിററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഇനിയും ശക്തമാക്കേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിൽ ഓരോ സ്ഥിരം സമിതികളും പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു. 2026-27 വർഷത്തിൽ അത്തരം കരുതലുകളുടെ വർഷമായി മാറ്റാനാണ് നാം ലക്ഷ്യമിടുന്നത്.

**മുൻഗണനാ വിഷയങ്ങൾ**

കുട്ടികൾ, വനിതകൾ, വൃദ്ധജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട മുൻഗണന നൽകുന്നതാണ്. കൂടാതെ ഇന്നാട്ടുകാരുടെ ചിരകാല അഭിലാഷമായ ഗ്രാമ കേന്ദ്രങ്ങൾ പൊതു ജന സേവനത്തിനായി എല്ലാ വാർഡുകളിലും ആരംഭിക്കുന്നതിനും കെ.എസ്.ആർ.ടി സിയുമായി സഹകരിച്ച് ഗ്രാമ വണ്ടി സൗകര്യം ഏർപ്പെടുത്തുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതാണ്. മുൻഗണന നിശ്ചയിക്കപ്പെട്ടതു കൊണ്ടു മാത്രം വിവിധ കമ്മിറ്റികളുടെയും ഘടകങ്ങളുടെയും ദൗത്യം അവസാനിക്കുന്നില്ല. അവ നമ്മുടെ സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവരിലേക്ക് എത്തണം എന്ന ഗാന്ധിജിയുടെ വിഭാവനം ഉൾക്കൊണ്ടാണ് നാം വികസനം എന്ന ആശയത്തിന് ഉറപ്പ് നല്കേണ്ടത്. 2026-27 സാമ്പത്തിക വർഷത്തേക്ക് ഒരു മികച്ച ബജറ്റ് തയ്യാറാക്കുന്നതിന് ശ്രമിച്ച ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ബജറ്റ് അവതരണത്തിനായി വൈസ് പ്രസിഡൻറും ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ബിന്ദു നാരായണനെ ഏറെ ബഹുമാനത്തോടെ ക്ഷണിക്കുന്നു.

ശ്രീ. എൻ.എം. സലിം
ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
അശമന്നൂർ ഗ്രാമപഞ്ചായത്ത്



# ബജറ്റ് അവതരണം

പ്രിയപ്പെട്ടവരെ,

നിറഞ്ഞ സന്തോഷത്തോടെയും ഉറച്ച ആത്മവിശ്വാസത്തോടെയും 2026-27 വർഷത്തെ അശമന്നൂർ ഗ്രാമ പഞ്ചായത്തിൻറെ ഈ ഭരണ സമിതിയുടെ ആദ്യ ബഡ്ജറ്റ് വൈസ് പ്രസിഡൻറും ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സണുമായ ബിന്ദു നാരായണൻ എന്ന ഞാൻ അവതരിപ്പിക്കുന്നു.

പുതിയ വികസന കാഴ്ച്ചപാടും സാമൂഹ്യ നീതി ഉറപ്പാക്കിയും വികസന തന്ത്രം ആവിഷ്കരിക്കുകയാണ് നമ്മുടെ ലക്ഷ്യം. വിവിധ സർക്കാർ, സർക്കാരിതര മേഖലയിൽ സാധ്യമാകുവിധം വികസന യാത്ര ലക്ഷ്യത്തിലേക്ക് എത്താൻ നമുക്ക് ഒത്തുചേർന്ന് പ്രവർത്തിക്കാം.

സർക്കാരിൽ നിന്നും ലഭിക്കുന്ന പരാമവധി ഫണ്ടിന് പുറമെ മറ്റു സർക്കാർ ഗ്രാൻറുകളും ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഫണ്ടുകൾക്ക് പുറമെ ജനകീയ സന്നദ്ധ പ്രവർത്തന പങ്കാളിത്തത്തോടെ സമാഹരിച്ചെടുക്കുന്ന തുകയും ഉപയോഗപ്പെടുത്തിയായിരിക്കും വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

സംസ്ഥാന ഗവൺമെൻറുകളുടെ നിർദ്ദേശങ്ങൾ പ്രകാരമുള്ള ഹരിതകേരളമിഷൻ, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതായിരിക്കും. നാടിൻറെ നാനോന്മുഖമായ വികസനവും ജനക്ഷേമകരമായ പദ്ധതികളുമാണ് നമ്മുടെ വികസന തന്ത്രം.

ജനാഭിലാഷം സംരക്ഷിക്കുന്നതും നാടിൻറെ നാനോമുഖമായ പുരോഗതി ലക്ഷ്യമിടുന്നതും എന്നാൽ പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുമായിരിക്കും നമ്മുടെ വികസന കാഴ്ച്ചപ്പാടുകൾ.

സംസ്ഥാന സർക്കാരിൻറെ 2026-27 ബജറ്റ് അനുബന്ധം 4 പ്രകാരമുള്ള തുകയാണ് ആധാരമായി എടുക്കുന്നത്.

പദ്ധതിയേതര വിഭാഗത്തിൽ ഗ്രാമ പഞ്ചായത്തിൻറെയും ഘടകസ്ഥാപനങ്ങളുടെയും നിത്യദാന ചെലവുകൾ ഉൾപ്പെട്ടിരിക്കുന്നു. നമുക്ക് അറിയാവുന്നതു പോലെ നിത്യനിദാന ചെലവുകൾക്ക് നന്നേ ക്ലേശിക്കുന്ന ഒരു പഞ്ചായത്താണ്. അതുകൊണ്ട് തന്നെ തനത് വരുമാനം ഉപയോഗിച്ച് കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ നമുക്ക് പരിമതിയുണ്ട്. മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് വികസന ഗ്രാഫിൻറെ തോത് കുറച്ച് കാണിക്കുവാൻ ഇടയാക്കുന്നുണ്ട്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ നമുക്ക് ആഗ്രഹിക്കുന്ന രീതിയിലുള്ള വികസന - മൂലധന ചെലവുകൾക്കുള്ള പണം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ എന്നത് നാം അറിഞ്ഞിരിക്കേണ്ടതാണ്. അതേസമയം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തം നിലയിൽ ചെയ്യാവുന്ന കാര്യങ്ങൾക്ക് പരിമിതിയുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിൻറെ അധികാരപരിധിയിലുള്ള വിഷയമേഖലകളിൽ നിന്നും ലഭിക്കേണ്ട നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കൂടുതലായി കണ്ടെത്തുന്നതിന് നാം ശ്രദ്ധ പുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥിരം സമിതികളുടെയും ശുപാർശകൾ പരിഗണിച്ച് കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനത്തിനും, ദാരിദ്ര ലഘൂകരണത്തിനും മുൻ തൂക്കം നൽകി കൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

പ്രാരംഭ ബാക്കിയായി 72,65,689 (എഴുപത്തിരണ്ട് ലക്ഷത്തി അറുപത്തയ്യാരിത്തി അറുന്നൂറ്റി എൺപത്തിയൊമ്പത് രൂപ) യും നികുതി നികുതിയേതര വരുമാനമായി 24654000(രണ്ട് കോടി നാല്പത്തിയാറ് ലക്ഷത്തി അൻപത്തി നാലായിരം രൂപ) യും ജനറല് പർപ്പസ് ഫണ്ടിനത്തിൽ 17167000(ഒരു കോടി എഴുപത്തിയൊന്നു ലക്ഷത്തി അറുപത്തിയേഴായിരം രൂപ)യും റവന്യൂ ഗ്രാൻറുകൾ പദ്ധതി പദ്ധതിയേതര ചെലവുകൾക്കായി ആകെ റവന്യൂ വരവുകളായി 268220113 (ഇരുപത്തിയാറ് കോടി എൺപത്തിരണ്ട ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി പതിമൂന്ന് രൂപ)യും ആകെ മൂലധന വരവുകളായി 52735127/-(അഞ്ച് കോടി ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്തിയയ്യാരിത്തി നൂറ്റി ഇരുപത്തിയേഴ് രൂപ) യും ആകെ വരവായി 320955240/- (മുപ്പത്തി രണ്ട് കോടി ഒൻപത് ലക്ഷത്തി അൻപത്തിയയ്യാരിത്തി ഇരുനൂറ്റി നാല്പത് രൂപ) യും പ്രതീക്ഷിത ചെലവുകൾക്കായി 318213200/-(മുപ്പത്തിയൊന്നു കോടി എൺപത്തി രണ്ട ലക്ഷത്തി പതിമൂവ്വായിരത്തി ഇരുനൂറ് രൂപ)യും നീക്കി ബാക്കിയായി

10007729/-(ഒരു കോടി ഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊൻപത് രൂപ)യും പ്രതീക്ഷിക്കുന്ന. ബജറ്റാണ് നിങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നത്.

സാമൂഹിക സുരക്ഷ പെൻഷനുകൾ ഉൾപ്പെടെയുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 11.32 കോടി രൂപ പ്രതീക്ഷിക്കുന്നു. ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്കായി ലോൺ ഇനത്തിൽ 70ലക്ഷ രൂപയും പ്രതീക്ഷിക്കുന്നു.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇനത്തിൽ ആകെ 5.44 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ 3.90 കോടി രൂപ കൂലി നൽകുന്നതിനും 1.54 കോടി രൂപ ആസ്തി വികസനത്തിന് മൂലധന വരവ് - ചെലവിലും ഉൾപ്പെടുത്തിയിരിക്കുന്നു.

പദ്ധതി, പദ്ധതിയേതരം ഉൾപ്പെടെയുള്ള മൂലധന വരവ് ഇനത്തിൽ ആകെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 52735127/(അഞ്ച് കോടി ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്തയ്യായിരത്തി നൂറ്റി ഇരുപത്തിയേഴ് രൂപ)

## ചെലവുകൾ

### കാർഷിക മേഖല

അശമന്നൂർ ഗ്രാമപഞ്ചായത്ത് വിവിധ കാർഷിക മേഖലകൾ ഉൾപ്പെടുന്ന പ്രദേശമാണ്. കാർഷിക മേഖലയിൽ സമഗ്രമായ മുന്നേറ്റം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് തുക വകയിരുത്തിരിക്കുന്നത്. നെൽകൃഷി വികസനത്തിന് 300000/-(3 ലക്ഷം) രൂപയും, വാഴ കൃഷി വികസനത്തിന് 8 ലക്ഷം രൂപയും അടുക്കള ത്തോട്ടം/ഫല വൃക്ഷത്തൈ /പച്ചക്കറി തൈകൾ വിതരണത്തിനായി 15 ലക്ഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### മൃഗസംരക്ഷണം

മൃഗസംരക്ഷണ മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് ആവശ്യമായ പദ്ധതികൾക്കാണ് ഈ വർഷം ഊന്നൽ നൽകിയിരിക്കുന്നത്. വനിതകൾക്കായുള്ള ഗോ വർദ്ധിനി കറവപ്പശു വാങ്ങൽ 12 ലക്ഷം രൂപയും കറവ പശുക്കൾക്കുള്ള കാലിത്തീറ്റ/ ധാതു വിതരണത്തിന് 14 ലക്ഷം രൂപയും, ക്ഷീര കർഷകർക്ക് ഇൻസെൻറീവ് നൽകുന്നതിന് 4 ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്.

**<u>പ്രാദേശിക സാമ്പത്തിക വികസനം</u>**

പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ/വനിത സ്വയം സംരഭ പ്രവർത്തനങ്ങൾക്ക് 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>വിദ്യാഭ്യാസം</u>**

പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും, വിദ്യാഭ്യാസഗുണനിലവാരം ഉയർത്തുന്നതിനുമായി നിരവധി പദ്ധതികൾ മുൻകാലങ്ങളിൽ നമ്മൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കേരള ഗവൺമെൻറിൻറെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻറെ ഭാഗമായി സമഗ്ര വിദ്യാഭ്യാസ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. എസ്.എസ്.എ വിഹിതം നൽകുന്നതിനായി 4 ലക്ഷം -രൂപയും വകയിരുത്തിയിട്ടുണ്ട്

**<u>ലൈഫ്ഭവന നിർമ്മാണ പദ്ധതി</u>**

പ്രാദേശിക ഭരണകൂടമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഒരു കാലത്തും ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് ഉണർന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്ത ഒരു മേഖലയാണ് പാർപ്പിട മേഖല. ഗുണഭോക്താക്കളാകുവാൻ കാത്ത് നിൽക്കുന്നവരുടെ നിര വളരെ വലുതായതിനാലും ആവശ്യമായ വിഭവ സമാഹരണം നടത്തുവാൻ പറ്റാത്തതിനാലും സമഗ്രമായൊരു പദ്ധതി ഈ മേഖലയിൽ സ്വന്തം നിലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രയാസങ്ങൾ നേരിട്ട സമയത്താണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് തയ്യാറായി മുന്നോട്ട് വന്നത്. മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തും ലൈഫ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

ഭവന നിർമ്മാണ പദ്ധതി അടുത്ത വർഷവും തുടരും എന്നതിനാലും പാർപ്പിട മേഖലയ്ക്ക് അർഹമായ പ്രധാന്യം നൽകുന്നതിനാലും 71ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലോൺ ഇനത്തിൽ 70 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

**<u>ശുചിത്വ മിഷൻ</u>**

ശുചിത്വ മിഷൻ ഭാഗമായുള്ള ഹരിത കർമ്മ സേന തുടർ പ്രവർത്തനങ്ങൾക്കായി 3 ലക്ഷം രൂപയും മാലിന്യ സംസ്കരണത്തിനായി 5 ലക്ഷവും വകയിരുത്തിയിട്ടുണ്ട്.

ഇങ്ങനെ ലഭ്യമായ ധന വിഭവ സ്രോതസ്സ് പഞ്ചായത്തിൻറെ ആസൂത്രണം ചെയ്ത പദ്ധതികൾക്കായി നീക്കി വച്ചിരിക്കുന്നു. അതിൽ പ്രധാനപ്പെട്ട ചില മേഖലകൾക്കായി താഴെ വിവരിക്കുന്ന രീതിയിൽ വകകൊള്ളിച്ചിരിക്കുന്നു.

| | |
|---|---|
| **ഉല്പാദന മേഖല** | 58,72,780<br>(അൻപത്തിയെട്ട് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത് രൂപ) |
| **സർവ്വീസ് മേഖല** | 1,80,96,220<br>(ഒരു കോടി എൺപത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപ) |
| **പശ്ചാത്തല മേഖല** | 3,29,98,000<br>(മൂന്ന് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരം രൂപ) |

**ആർദ്രം പദ്ധതിക്ക് ഉൾപ്പെടെ ആരോഗ്യപരിപാലന മേഖലയിൽ 45 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.**

**കുടിവെള്ള വിതരണ പദ്ധതികൾക്കായി 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**

## ബജറ്റ് ഒറ്റനോട്ടത്തിൽ

| | |
|---|---|
| **മുൻബാക്കി** | 72,65,689<br>(എഴുപത്തി രണ്ട് ലക്ഷത്തി അറുപത്തയ്യായിരത്തി അറുന്നൂറ്റി എൺപത്തിയൊൻപത് രൂപ) |
| **ആകെ വരവ്** | 32,09,55.240<br>(മുപ്പത്തിരണ്ട് കോടി ഒൻപത് ലക്ഷത്തി അൻപത്തയ്യായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ) |
| **ആകെ ബജറ്റ് അടങ്കൽ** | 32,82,20,929<br>(മുപ്പത്തി രണ്ട് കോടി എൺപത്തി രണ്ട് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊൻപത് രൂപ) |
| **ആകെ ചെലവ്** | 31,82,13,200<br>(മുപ്പത്തി ഒന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി പതിമൂവ്വായിരത്തി ഇരുന്നൂറ് രൂപ) |
| **നീക്കി ബാക്കി** | 1,00,07,729<br>(ഒരു കോടി ഏഴായിരത്തി എഴുന്നൂറ്റിഇരുപത്തിയൊൻപത് രൂപ) |

അശമന്നൂർ ഗ്രാമ പഞ്ചായത്തിൻറെ 2026-27 വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് പഞ്ചായത്ത് ഭരണ സമിതി മുമ്പാകെ വിനയ പൂർവ്വം സമർപ്പിക്കുന്നു.

ജയ് ഹിന്ദ്

## ASAMANNOOR GRAMA PANCHAYAT.. BUDGET FOR THE YEAR ..2026-2027

### BUDGET STATEMENT

| | PARTICULARS | | Budget for the Year-2026-2027(.-ബജറ്റ്-2026-2027 |
|---|---|---|---|
| A | Opening balance(net) | ws-1 | 7,265,689.00 |
| B | a) Tax revenue-നികുതി വരുമാനം | BS-1 | 16,927,200.00 |
| C | b) Non tax revenue-നികുതിയിതര വരുമാനം | BS-2 | 7,726,800.00 |
| D | **Total Own Fund-ആകെ തനത് ഫണ്ട്** | (B+C) | 24,654,000.00 |
| E | c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് | BS-3 | 17,167,000.00 |
| F | **Total -ആകെ** | (D+E) | 41,821,000.00 |
| G | d) Other Grants(Plan)-മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 113,194,113.00 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 113,205,000.00 |
| I | **Toal Revenue Income -ആകെ റവന്യു വരവുകൾ** | (F+G+H) | 268,220,113.00 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 7,000,000.00 |
| K | ne other than loans -വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 45,735,127.00 |
| L | **Total Capital Income-ആകെ മൂലധന വരവുകൾ** | (J+K) | 52,735,127.00 |

## ASAMANNOOR GRAMA PANCHAYAT.. BUDGET FOR THE YEAR ..2026-2027

## BUDGET STATEMENT

| | PARTICULARS | | Budget for the Year-2026-2027(.-ബജറ്റ്-2026-2027 |
|---|---|---|---|
| M | **Total Income -ആകെ വരവുകൾ** | (I+L) | 320,955,240.00 |
| N | **Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും** | (M+A) | 328,220,929.00 |
| O | Revenue Expenditure-Statutory functions-റവന്യു ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 39,078,960.00 |
| P | Revenue Expenditure-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 113,194,113.00 |
| Q | Revenue Expenditure-Non-Plan-റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 113,205,000.00 |
| R | **Total Revenue Expenditure -ആകെ റവന്യു ചെലവുകൾ** | (O+P+Q) | 265,478,073.00 |
| S | Capital Expenditure -Loan repayments-മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 7,000,000.00 |
| T | Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ | BS-12 | 45,735,127.00 |
| U | **Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ** | (S+T) | 52,735,127.00 |
| V | **Total Expenditure -ആകെ ചെലവുകൾ** | (R+U) | 318,213,200.00 |
| W | **Closing Balance-നീക്കി ബാക്കി** | (N-V) | 10,007,729.00 |

| | ASAMANNOOR GRAMAPANCHAYAT 2026-2027 NEW BUDGET | BUDGET FOR THE CURRENT YEAR 2025-2026 | BUDGET AMOUNT FOR 2026-2027 |
|---|---|---|---|
| | | | |
| SL NO | HEAD OF ACCOUNTS | | |
| 1 | Opening Balance | 4531081 | 7265689 |
| 2 | Revenue Receipt - 1 | | |
| | **Tax Revenues - 110** | | |
| 4 | 1100101 Property Tax (General) | 12500000 | 13750000 |
| 5 | 1101001 Profession Tax – Employees | 1960000 | 2197200 |
| 6 | 1101002 Profession Tax - Traders/ Institutions | 840000 | 980000 |
| 7 | **Total Tax Revenues** | **15300000** | **16927200** |
| | **Fees and User Charges - 140** | | |
| 9 | 1401001 Private Hospital & Paramedical Institutions Registration Fee | 1500 | 2500 |
| 10 | 1401002 Tutorial College Registration Fee | 500 | 800 |
| 11 | 1401003 Contractor Registration Fee | 3000 | 5000 |
| 12 | 1401099 Other Empanelment & Registration Charges | 25000 | 40000 |

| | | | |
|---|---|---|---|
| 13 | 1401101 License Fees for IFTEOS | 450000 | 725000 |
| 14 | 1401102 License Fees for Lodge | 1000 | 6000 |
| 15 | 1401103 License Fees under P.P.R ACT | 800 | 2000 |
| 16 | 1401104 License Fees under Cinema Regulation Act | 1000 | 3000 |
| 17 | 1401106 License Fees for Domestic Dogs | 1500 | 3500 |
| 18 | 1401107 Licence Fees For Livestock Farms | 5000 | 10000 |
| 19 | 1401201 Fees for Construction of Buildings | 1500000 | 1700000 |
| 20 | 1401202 Fees for Installation of Machinery | 8000 | 10000 |
| 21 | 1401203 Permit Application fee | 200000 | 400000 |
| 22 | 1401301 Fees for Birth & Death Certificate | 4000 | 5000 |
| 23 | 1401302 Fees for Delayed Registration - Birth & Death | 1000 | 2000 |
| 24 | 1401303 Fees for Marriage Certificate | 5000 | 20000 |
| 25 | 1401304 Fee for Marriage Registration | 6500 | 10000 |
| 26 | 1401305 Fee for Non Availability Certificate | 500 | 1500 |
| 27 | 1401306 Fee for Correction in Registration | 1500 | 3000 |
| 28 | 1401399 Fees for Other Certificates or Extracts | 20000 | 35000 |
| 29 | 1401401 Fees under RTI Act | 8000 | 10000 |

| | | | |
|---|---|---|---|
| 30 | 1401501 Fee from Hoardings | 1000 | 10000 |
| 31 | 1401701 Regularization Fees | 400000 | 650000 |
| 32 | 1401702 Regularization Fees for Unauthorised Construction | 100000 | 300000 |
| 33 | 1401801 Application Fee | 5000 | 10000 |
| 34 | 1401802 Application Fee - Unauthorised Construction Regularisation | 10000 | 20000 |
| 35 | 1402001 Penal Interest | 550000 | 850000 |
| 36 | 1402002 Fines imposed by court (including P.F.A) | 200000 | 200000 |
| 37 | 1402003 Other Penalities and Fines | 50000 | 75000 |
| 38 | 1402005 Fine for Dumping Waste | 25000 | 60000 |
| 39 | 1402006 Fine imposed by Health Authorities | 8000 | 15000 |
| 40 | 1404001 Fees for removal of Encroachment | 5000 | 15000 |
| 41 | 1404002 Notice Fees | 500 | 1000 |
| 42 | 1404003 Warrant Fees | 1000 | 2000 |
| 43 | 1404004 Ownership Change Fees - Fine | 30000 | 50000 |
| 44 | 1404008 Delayed Registration Fees | 5000 | 8000 |
| 45 | 1404009 Search Fees | 800 | 1500 |
| 46 | 1404011 Late Fee | 6000 | 10000 |

| | | | |
|---|---|---|---|
| 47 | 1404099 Other Fees | 17000 | 25000 |
| 48 | 1405022 Receipts on account of cost of goods and services rendered | 2500 | 15000 |
| 49 | 1405099 Other User Charges | 8000 | 15000 |
| | **Total Fees and User Charges** | **3668600** | **5326800** |
| | Sale and Hire Charges - 150 | | |
| 52 | 1501099 Receipts from Sale of Other Products | 30000 | 60000 |
| 53 | 1501101 Receipts from Sale of Forms | 250000 | 350000 |
| 54 | 1501202 Receipts from Sale of Scrap | 85000 | 200000 |
| | **Total Sale and Hire Charges** | **365000** | **610000** |
| | Revenue Grants, Contributions and Subsidies - 160 | | |
| 57 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 11500998 | 13000000 |
| 58 | 1601012 Fund for Transferred Functions/ Schemes - Widow Pension | 17481621 | 25400000 |
| 59 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 695883 | 835000 |
| 60 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 7436690 | 8250000 |
| 61 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 60000 | 120000 |

| | | | |
|---|---|---|---|
| 62 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 41812808 | 58500000 |
| | **1601023 General Purpose Fund** | **13506625** | **17167000** |
| 64 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 1012000 | 7100000 |
| | **Total Revenue Grants, Contributions and Subsidies** | **93506625** | **130372000** |
| | Income from Investments - 170 | | |
| 69 | 1701001 Interest on Investments | 200000 | 300000 |
| | **Total Income from Investments** | **200000** | **300000** |
| | Interest Earned - 171 | | |
| | 1711001 Interest from Bank Accounts | 325000 | 420000 |
| 71 | 1718099 Other Interest | 50000 | 70000 |
| | **Total Interest Earned** | **375000** | **490000** |
| | Other Income - 180 | | |
| 74 | 1803001 Profit on Disposal of Fixed Assets | 200000 | 350000 |
| | **Total Other Income** | **200000** | **350000** |
| | Rental Income - LB Properties - 130 | | |
| 77 | 1302003 Rent from Buildings | 589932 | 650000 |
| | **Total Rental Income** | **589932** | **650000** |

| | | | |
|---|---|---|---|
| | | | |
| | Establishment Expenses - 210 | | |
| 82 | 2101001 Salaries -Secretary | 1051000 | 1200000 |
| 83 | 2101003 Salaries - Permanent Staff | 8800000 | 11600000 |
| 84 | 2101004 Salaries - Contract Staff | 970000 | 1500000 |
| 85 | 2101005 Salaries - Temporary Staff | 300000 | 500000 |
| 86 | 2101007 Salaries - Part time Contingent Staff | 425000 | 1000000 |
| 87 | 2101101 Wages | 930000 | 2000000 |
| 88 | 2101201 Bonus | 110000 | 200000 |
| 89 | 2101401 Honourarium | 440000 | 450000 |
| 90 | 2102001 Travelling Allowances - Secretary | 50000 | 65000 |
| 91 | 2102003 Travelling Allowances - Permanent Staff | 230000 | 225000 |
| 92 | 2102004 Travelling Allowances - Temporary Staff | 30000 | 25000 |
| 93 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 1746500 | 2000000 |
| 94 | 2102016 Other Benefits and Allowances | 17000 | 10000 |
| 95 | 2102017 Festival Allowance | 15000 | 36000 |
| 96 | 2102018 Spectacle Allowance | 2500 | 3000 |

| | | | |
|---|---|---|---|
| 97 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 55000 | 55000 |
| 98 | 2102020 Telephone Allowance - Secretary | 4500 | 2820 |
| 99 | 2102021 Telephone Allowance - Mayor/ Chairperson/ President | 1000 | 2820 |
| 100 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 1000 | 2820 |
| 101 | 2103006 Employer's Contribution to NPS - Regular Employees | 250000 | 300000 |
| 102 | 2104001 Terminal Leave Surrender | 46123 | 1000000 |
| | **Total Establishment Expenses** | **16114623** | **22177460** |
| | Administrative Expenses - 220 | | |
| 105 | 2201001 Rent of Buildings | 20000 | 10000 |
| 106 | 2201005 Vehicle Tax | 45000 | 100000 |
| 107 | 2201101 Office Electricity Expenses | 80000 | 100000 |
| 108 | 2201102 Water Charges - Office | 15000 | 25000 |
| 109 | 2201104 Service Connection Charge (KSEB/ KWA) | 150000 | 200000 |
| 110 | 2201199 Other Office Maintenance Expenses | 330000 | 400000 |
| 111 | 2201201 Telephone Expenses/ Internet Charges | 100000 | 200000 |
| 112 | 2201202 Postage Expenses | 50000 | 50000 |

| | | | |
|---|---|---|---|
| 113 | 2201299 Miscellaneous Communication Expenses | 80000 | 500000 |
| 114 | 2201301 Electricity Charges - Allied Institutions | 25000 | 30000 |
| 115 | 2201302 Water Charges - Allied Institutions | 35000 | 25000 |
| 116 | 2201303 Rent - Allied Institutions | 5000 | 25000 |
| 117 | 2201304 Telephone Expenses - Allied Institutions | 5000 | 10000 |
| 118 | 2202001 Books & Periodicals | 110000 | 200000 |
| 119 | 2202101 Printing & Stationery | 250000 | 350000 |
| 120 | 2204001 Insurance | 175000 | 250000 |
| 121 | 2205101 Miscellaneous Legal Expenses | 15000 | 50000 |
| 122 | 2205201 Professional & Other Fees | 125000 | 250000 |
| 123 | 2206001 Newspaper Advertisement Charges | 50000 | 150000 |
| 124 | 2206002 Keralolsavam Expenses | 50000 | 50000 |
| 125 | 2206099 Other Advertisement & Publicity Charges | 50000 | 100000 |
| 126 | 2206101 Membership & Subscriptions | 50000 | 50000 |
| 127 | 2208001 Festival Expenses | 35000 | 150000 |
| 128 | 2208002 Workshops and Seminars | 15000 | 50000 |
| 129 | 2208003 Grama Sabha/ Ward Sabha Expenses | 125000 | 150000 |

| | | | |
|---|---|---|---|
| 130 | 2208004 Compensation Ordered By Court | 15000 | 50000 |
| 131 | 2208005 Donations And Contributions As Per Government Order | 80000 | 125000 |
| 132 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | 15000 | 50000 |
| 133 | 2208099 Miscellaneous Administration Expenses | 215467 | 1000000 |
| 134 | 2302001 Water Charges - Street Tap | 600000 | 700000 |
| | **Total Administrative Expenses** | **2915467** | **5400000** |
| | **Operation and Maintenance - 230** | | |
| 137 | 2301001 Electricity Charges for Street Lights | 600000 | 2800000 |
| 138 | 2301002 Fuel Charges | 225000 | 350000 |
| 139 | 2301006 Electricity Charges For Drinking Water Schemes | 25000 | 30000 |
| 140 | 2301007 Electricity Charges For Irrigation Schemes | 25000 | 50000 |
| 141 | 2304001 Vehicle Hire Charges | 50000 | 75000 |
| 142 | 2304002 Equipment Hire Charges | 25000 | 50000 |
| 143 | 2305301 Repairs & Maintenance - Vehicles | 300000 | 400000 |
| 144 | 2305901 Repairs & Maintenance - Machinery | 70000 | 100000 |
| 145 | 2305902 Repairs & Maintenance - Office Equipments | 125000 | 300000 |
| 146 | 2305909 Other Repairs & Maintenance | 150000 | 300000 |

| | | | |
|---|---|---|---|
| 147 | 2308005 Expenses relating to collection of Taxes | 215000 | 250000 |
| 148 | 2308009 Registration Of Vehicles | 50000 | 150000 |
| 149 | 2308012 Expenses Related To Removal Of Encroachments | 25000 | 100000 |
| 150 | 2308013 Sanitation Expenses | 350000 | 500000 |
| 151 | 2308014 Expenses related to Inaugurations and Ceremonies | 150000 | 300000 |
| 152 | 2308099 Other Operating & Maintenance Expenses | 310000 | 1000000 |
| 153 | 2308201 Refreshment Charges | 250000 | 500000 |
| 154 | **Total Operation and Maintenance** | **2945000** | **7255000** |
| | **Bank Charges - 240** | | |
| | 2407001 Bank Charges | | 6500 |
| | **Total Bank Charges** | | **6500** |
| 155 | **Expenses related to State Sponsored Schemes - 254** | | |
| 156 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 11500998 | 13000000 |
| 157 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 17481621 | 25400000 |
| 158 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 695883 | 835000 |

| | | | |
|---|---|---|---|
| 159 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 7436690 | 8250000 |
| 160 | 2540117 Programmes/ Expenditures of Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 60000 | 120000 |
| 161 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 41812808 | 58500000 |
| 162 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 1012000 | 7100000 |
| | **Total Expenses related to State Sponsored Schemes** | **80000000** | **113205000** |
| | **programe expense - 250** | | |
| 165 | 2501001 Election Expense | **225000** | **50000** |
| | **Total Programe Expense** | **225000** | **50000** |
| | **Grant,Contribution And Compensation from Own Fund - 260** | | |
| 168 | 2601010 Grants, Contributions And Compensations From Own Fund- Grants To Nilathezhuthu Asans | 40000 | 60000 |
| 169 | 2602301 Cutting Charges - Dangerous Trees | 80000 | 80000 |
| 170 | 2808001 Prior Period Expenses | | 50000 |
| | **Total revenue grants ,contribution and subsidies -260** | **120000** | **190000** |
| | **Total Revenue Expenditure** | **105621104** | **148283960** |
| | OWN FUND EXPENDITURE | 20290406 | **4000000** |

| | | | |
|---|---|---|---|
| | TOTAL REVENUE  EXPENDITURE | 125911510 | **152283960** |
| | **Total Revenue Receipt** | **128646118** | **155026000** |
| | GRANT TOTAL RECEIPTS ( OPENING BALANCE +TOTAL REVENUE RECEIPTS ) | 133177199 | **162291689** |
| | CLOSING BALANCE | 7265689 | **10007729** |
| | | | |